ചെറുകിട ചുടുകട്ട നിർമ്മാതാക്കൾക്കുള്ള നികുതി

1304. [1953] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഴക്കേ കല്ലടയിലെ ചെറുകിട ചുടുകട്ട നിർമ്മാതാക്കളുടെ മേൽ വിവേചനാരഹിതമായി വിൽപ്പനനികുതി ചുമത്തുന്നതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട് :

(ബി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

ആദിത്യാ ഫൈനാൻസ് ആൻറ് ഇൻവെസ്റ്റ്മെൻറ് (ഇൻഡ്യാ) ലിമിറ്റഡ്

1305. [1954] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി കേന്ദ്രമായി ആദിത്യാ ഫൈനാൻസ് ആൻറ് ഇൻവെസ്റ്റ്മെൻറ് (ഇൻഡ്യാ) ലിമിറ്റഡ് എന്നൊരു സ്ഥാപനം കേരളത്തിൽ പ്രവർത്തിക്കുന്ന വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഫൈനാൻസ് ഇൻവെസ്റ്റ്മെൻറ് സ്ഥാപനത്തിൽ തുക നിക്ഷേപിച്ച മണപ്ര പുത്തൻകുടി വീട്ടിൽ ശ്രീ. പി. എം. റപ്പായിക്ക് കാലാവധി കഴിഞ്ഞിട്ട് തുക തിരിച്ചു കിട്ടാത്തതു സംബന്ധിച്ചുള്ള എന്തെങ്കിലും പരാതി സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് ശ്രീ. പി. എം. റപ്പായിയുടെ ഒരു പരാതി പോലീസ് വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(സി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നുണ്ട്. ശ്രീ. പി. എം. റപ്പായി ജോലിക്കുവേണ്ടി പാലക്കാട് ജില്ലയിൽ പോയതായി അറിയുന്നതിനാൽ അന്വേഷണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly